## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം-തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല -ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് -ആർപ്പൂക്കര വില്ലേജ് വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 10/08/2023 ലെ TCPKTM/398/2023-C നമ്പർ കത്ത്.

2. ശ്രീ.പ്രിൻസ് ദേവസ്യ, ശ്രീ.ജിൻസ് ദേവസ്യ, കല്ലാശ്ശേരി പറമ്പിൽ, ആർപ്പൂക്കര.പി.ഒ, കോട്ടയത്തിന്റെ 22/07/2023 ലെ അപേക്ഷ.

=====================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/56437/2023-TCPA2 തീയതി:19-10-2023

=====================================================

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആർപ്പൂക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 420/2/8-ൽ ഉൾപ്പെട്ട 233 ച.മീ സ്ഥലത്ത് 138.83 ച.മീ built up area വരുന്ന വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ .പ്രിൻസ് ദേവസ്യ, ശ്രീ.ജിൻസ് ദേവസ്യ, കല്ലാശ്ശേരി പറമ്പിൽ, ആർപ്പൂക്കര.പി.ഒ, കോട്ടയത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി DTP Scheme for the Area South of Medical College പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ ഈ ഓഫീസിൽ പരിശോധന വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. DTP Scheme വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. യുസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
3. KPBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

4. നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
5. പ്ലാൻ പ്രകാരമുള്ള റോഡ് Widening-നുള്ള സ്ഥലം പ്ലോട്ടിൽ മാറ്റിയിട്ടിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
6. നിർമ്മാണ സ്ഥലത്തിന്റെ വടക്ക് വശത്തുള്ള പ്ലോട്ടിനെ abut ചെയ്താണ് നിർമ്മാണമെന്നതിനാൽ അയൽവസ്തു . ഉടമയുടെ Consent ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Famidha Yoosaf.m
Date: 19-10-2023 17:53:57

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്, കോട്ടയം.

പകർപ്പ്:-

1. ശ്രീ.പ്രിൻസ് ദേവസ്യ, ശ്രീ.ജിൻസ് ദേവസ്യ, കല്ലാശ്ശേരി പറമ്പിൽ, ആർപ്പൂക്കര.പി.ഒ, കോട്ടയം
2. ജില്ലാ ടൗൺപ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം



Generated from eOffice by USHAKUMARI, TOPA2 PD LSGD, TOPA2 PD LSGD, PD LSGD on 20/10/2023 12:00 PM